**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5279** **21-07-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവ്വകലാശാലയിലെ മലയാളം അസോസിയേറ്റ് പ്രൊഫസർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർവകലാശാലയിൽ മലയാളം അസോസിയേറ്റ് പ്രൊഫസറായി സിൻഡിക്കേറ്റ് നിയമനം നൽകിയ വ്യക്തിക്ക് മതിയായ യോഗ്യതയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ണൂർ സർവ്വകലാശാലയിൽ മലയാളം അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിയമനത്തിന് ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട മുഴുവൻ ഉദോഗാർത്ഥികളുടെയും യോഗ്യത സ്വീകാര്യമാണെന്നുള്ള സർവ്വകലാശാല സ്റ്റാന്റിംഗ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ ഓഫ് കേരള എന്നവരുടെ നിയമോപദേശം ലഭ്യമായതിനു ശേഷമാണു സർവ്വകലാശാല സിൻഡിക്കേറ്റ് പ്രസ്തുത നിയമനത്തിനുള്ള അന്തിമ റാങ്ക് പട്ടിക അംഗീകരിച്ചിട്ടുള്ളത്. സിൻഡിക്കേറ്റ് അംഗീകരിച്ച റാങ്ക് പട്ടികയിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത വ്യക്തിക്ക് പഠന കാലയളവുകൂടി കണക്കിലെടുത്താണ് റാങ്ക് നൽകിയിട്ടുള്ളത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ, ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം അനുസരിച്ച് PhD യോഗ്യത നേടുന്നതിന് അദ്ധ്യാപകർ വിനിയോഗിക്കുന്ന കാലയളവ് അദ്ധ്യാപനപരിചയ കാലയളവായി കണക്കാക്കിയിട്ടുണ്ട്. |
| (സി) | ഗവേഷണ പഠനത്തിന് ചെലവിട്ട മൂന്ന് വർഷ കാലയളവ് നേരിട്ടുള്ള നിയമനങ്ങൾക്ക് അദ്ധ്യാപന പരിചയമായി കണക്കുകൂട്ടാൻ പാടില്ലെന്ന യു.ജി.സി. വ്യവസ്ഥ നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | UGC REGULATIONS ON MINIMUM QUALIFICATIONS FOR APPOINTMENT OF TEACHERS AND OTHER ACADEMIC STAFF IN UNIVERSITIES AND COLLEGES AND OTHER MEASURES FOR THE MAINTENANCE OF STANDARDS IN HIGHER EDUCATION, 2018, Clause 3.11. താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>The time taken by candidates to acquire M.Phil. and / or Ph.D. Degree shall not be considered as teaching/ research experience to be claimed for appointment to the teaching positions, Further |

| | | | |
|---|---|---|---|
| | | | the period of active service spent on pursuing Research Degree simultaneously with teaching assignment without taking any kind of leave, shall be counted as teaching experience for the purpose of direct recruitment/promotion. Regular faculty members up to twenty percent of the total faculty strength (excluding faculty on medical/maternity leave) shall be allowed by their respective institutions to take study leave for pursuing Ph.D. Degree. |

സെക്ഷൻ ഓഫീസർ